**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1041** **24-02-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് അധിക ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും വേണ്ടി ചീക്കോട് കുടിവെള്ള പദ്ധതി/ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ ഗ്രാമീണ റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് പരിമിതമായ തുകയാണ് ഉൾപ്പെടുത്തിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ ഇതിനകം ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമായതും നിർവ്വഹണം ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കനുസരിച്ച് തയ്യാറാക്കിയപ്പോൾ റോഡുകൾ പുന:സ്ഥാപിക്കുന്നതിന് പരിമിതമായ തുക മാത്രമേ പ്രസ്തുത എസ്റ്റിമേറ്റിൽ നല്കുവാൻ കഴിഞ്ഞുള്ളൂ. ഇതിനെത്തുടർന്ന് പദ്ധതിയിൽ റോഡുകളുടെ പുന:സ്ഥാപനത്തിനുള്ള തുക കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ പദ്ധതി നിർവ്വഹണം പൂർത്തിയായ നിരവധി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ പുനസ്ഥാപിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ പൂർണ്ണമായി പുന:സ്ഥാപിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുകൊണ്ടു ചില പ്രദേശങ്ങളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പൈപ്പ് ഇടുന്നതിന് വേണ്ടി പൊളിച്ച ഗ്രാമീണ റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ ആവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | കൊണ്ടോട്ടി മണ്ഡലത്തിൽ ഇതിനകം ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമായതും നിർവ്വഹണം ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കനുസരിച്ച് തയ്യാറാക്കിയപ്പോൾ റോഡുകൾ പുന:സ്ഥാപിക്കുന്നതിന് പരിമിതമായ തുക മാത്രമേ പ്രസ്തുത എസ്റ്റിമേറ്റിൽ നൽകുവാൻ കഴിഞ്ഞുള്ളൂ. ഇതിനെ തുടർന്ന് പദ്ധതിയിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ